(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റഗുലേറ്ററി കമ്മീഷന് സമർപ്പിച്ച 'താരിഫ് പെറ്റീഷൻ'

1 [157] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള 'താരിഫ് പെറ്റീഷൻ' വൈദ്യുതി ബോർഡ് തയ്യാറാക്കി റഗുലേറ്ററി കമ്മീഷന് സമർപ്പിക്കുകയുണ്ടായോ;

(ബി) താരിഫ് പെറ്റീഷനിൽ കണക്കാക്കിയ കമ്മി എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇലക്ട്രിസിറ്റി ബോർഡിന്റെ മുൻ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും റഗുലേറ്ററി കമ്മീഷന് സമർപ്പിച്ച 'താരിഫ് പെറ്റീഷ'ന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷത്തേക്കുള്ള താരിഫ് പെറ്റീഷൻ വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടില്ല. എന്നാൽ 2004-05 വർഷത്തെ ബോർഡിന്റെ മൊത്ത വരവ് ചെലവ് കണക്കുകളുടെ പെറ്റീഷൻ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ കണക്കുകൾ കമ്മീഷൻ അംഗീകരിച്ചാൽ മാത്രമേ വൈദ്യുതി ബോർഡ് അടുത്ത വർഷത്തേക്കുള്ള താരിഫ് പെറ്റീഷൻ റഗുലേറ്ററി കമ്മീഷന് സമർപ്പിക്കുകയുള്ളു.

(ബി) 2004-05 വർഷത്തെ മൊത്ത വരവ് ചെലവ് കണക്കുകൾ അനുസരിച്ച് ബോർഡിന്റെ മൊത്ത കമ്മി 854.19 കോടി രൂപയാണ്.

(സി) 2003-04 വർഷത്തെ ബോർഡ് സമർപ്പിച്ച വരവ് ചെലവ് കണക്കുകളുടെയും താരിഫ് പെറ്റീഷന്റെയും പകർപ്പും 2004-05 വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പെറ്റീഷന്റെ പകർപ്പും അനുബന്ധമായി വയ്ക്കുന്നു.†

കെ. എസ്. ഇ. ബി. യുടെ ഘടന

2 [158] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് വിഭജിച്ച് കമ്പനികളാക്കി മാറ്റാൻ കേന്ദ്ര നിയമം വന്ന സാഹചര്യത്തിൽ കെ. എസ്. ഇ. ബ -യുടെ ഘടന ഏത് തരത്തിൽ മാറ്റാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(നക്ഷത്ര ചിഹ്നമിടാത്ത 156-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉൽപ്പാദനം, പ്രസരണം, വിതരണം എന്നിവയിലേതെങ്കിലും സ്വകാര്യ വൽക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കമ്പനികളായി വിഭജിക്കുമ്പോൾ നിലവിലുള്ള ഇലക്ട്രിസിറ്റി ബോർഡ് പെൻഷൻകാരുടെ ആനുകൂല്യങ്ങൾ നൽകേണ്ട ഉത്തരവാദിത്വം ആർക്കായിരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വിവിധ വകുപ്പുകൾക്ക് അനുസൃതമായി വൈദ്യുതി മേഖലയെ അതാത് സംസ്ഥാന സർക്കാരുകൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. അതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ വൈദ്യുതി ആക്ട് 2003 ഈ മേഖലകളിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് കടന്നുവരാവുന്നതാണെന്ന് അനുശാസിക്കുന്നു.

(സി) കെ. എസ്. ഇ. ബി.-യെ കമ്പനികളാക്കി വിഭജിക്കുമ്പോൾ അനുകൂല്യങ്ങൾ നൽകേണ്ട ഉത്തരവാദിത്വം ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വകുപ്പുകൾ പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിക്കുന്ന കൈമാറ്റ പദ്ധതി (Transfer Scheme) അനുസരിച്ച് സർക്കാർ തീരുമാനിക്കാനിരിക്കുന്നതേയുള്ളൂ.

കെ. എസ്. ഇ. ബി. വാങ്ങിയിട്ടുള്ള വായ്പകൾ

3 [159] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഏതെല്ലാം ഏജൻസികളിൽ നിന്നാണ് വായ്പകൾ വാങ്ങിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) വായ്പ വാങ്ങിയ വകയിൽ ഓരോ സ്ഥാപനത്തിനും കൊടുത്തു തീർക്കാനുള്ള ബാദ്ധ്യത എത്രയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത വായ്പകൾ വാങ്ങുന്നതിന് ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം തിരിച്ചടവിനുള്ള കാലാവധി എത്രയാണ്;

(ഡി) എ. ഡി. ബി. വായ്പയ്ക്ക് പ്രത്യേക നിബന്ധനകൾ ഒപ്പ് വച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly